“ മാറ്റം എല്ലായ്പ്പോഴും മധുരതരമാണ്.

അരിസ്റ്റോട്ടിൽ



25 അഫ്ഗാനിസ്ഥാനിൽ സൈനിക ഹെലികോപ്റ്റർ തകർന്ന് 25 പേർ മരിച്ചു.

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1191 തുലാം 15 /1440 സഫർ 22
2018 നവംബർ 1 വ്യാഴം

സിബിഐക്കു പിന്നാലെ ആർബിഐയും ഭരണക്കുരുക്കിൽ

സിബിഐയ്ക്കു പിന്നാലെ മറ്റൊരു ദേശീയ സ്വയംഭരണ സ്ഥാപനം കൂടി ഭരണ പ്രതിസന്ധി നേരിടുന്നു. സിബിഐ ഡയറക്റ്ററെയും സ്പെഷ്യൽ ഡയറക്റ്ററെയും കേന്ദ്ര സർക്കാർ നിർബന്ധിത അവധിയിൽ പ്രവേശിപ്പിക്കുകയായിരുന്നെങ്കിൽ, ആർബിഐ ഗവർണർ ഊർജിത് പട്ടേലിനെ സ്വയം വിരമിക്കാൻ നിർബന്ധിതനാക്കുന്ന അവസ്ഥയിലാണു കാര്യങ്ങൾ. റഫാൽ അഴിമതി അടക്കം ആരോപണങ്ങളാണു സിബിഐ തലപ്പത്തെ പടലപ്പിണക്കങ്ങൾക്കു കാരണമെന്നാണ് ആക്ഷേപം.

അതേസമയം, റിസർവ് ബാങ്കിന്റെ സ്വയംഭരണാവകാശങ്ങളിൽ ഗവൺമെന്റ് നേരിട്ട് ഇടപെടുന്നു എന്നു ചൂണ്ടിക്കാട്ടിയാണു ബാങ്കിന്റെ ഡയറക്റ്റർമാരും ഗവർണർ, ഡെപ്യൂട്ടി ഗവർണർ തുടങ്ങിയ മേലധികാരികളും ഇടയുന്നത്. രണ്ടു സ്ഥാപനങ്ങളെയും കേന്ദ്ര സർക്കാർ രാഷ്ട്രീയ ലാഭങ്ങൾക്കായി കരുവാക്കുന്നു എന്ന പ്രതിപക്ഷ ആരോപണം കൂടിയാകുമ്പോൾ ചോർന്നുപോകുന്നത് ഈ സ്ഥാപനങ്ങളുടെ വിശ്വാസ്യതയാണ്.

റിസർവ് ബാങ്കിന്റെ പ്രവർത്തനങ്ങളിൽ കേന്ദ്ര ധനമന്ത്രി അരുൺ ജയ്റ്റ്ലി തൃപ്തനല്ല. നോട്ട് നിരോധനത്തിനു ശേഷമുള്ള ധനസ്ഥിതി നിയന്ത്രിക്കുന്നതിൽ കേന്ദ്ര സർക്കാരുമായി ആർബിഐ സഹകരിക്കുന്നില്ലെന്നാണു ജയ്റ്റ്ലിയുടെ ആരോപണം. എന്നാൽ, ആഗോള സാമ്പത്തിക മാന്ദ്യം മറികടക്കാൻ, മുൻപിൻനോക്കാതെ, 2008-14 കാലത്ത് അന്നത്തെ യുപിഎ സർക്കാരിന്റെ നിർദേശങ്ങൾ കണ്ണടച്ച് അനുസരിക്കുകയാണ് ആർബിഐ ചെയ്തതെന്നും അദ്ദേഹം ആരോപിച്ചു. ഇതു മുൻനിർത്തി, ആർബിഐ ചട്ടങ്ങൾ ചൂണ്ടിക്കാട്ടി, ബാങ്കിന്റെ സ്വയംഭരണാവകാശങ്ങളിൽ കേന്ദ്ര ധനമന്ത്രാലയം നേരിട്ട് ഇടപെടുന്നതാണ് ബാങ്ക് അധികൃതരെ ചൊടിപ്പിക്കുന്നത്.

കറൻസി രഹിത ഇടപാടുകൾ വേണ്ടത്ര പുരോഗമിക്കുന്നില്ലെന്നു കേന്ദ്ര സർക്കാർ പറയുമ്പോൾ കറൻസി നിരോധനം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ ഗുരുതരമായി ബാധിച്ചുവെന്ന് ആർബിഐ ചൂണ്ടിക്കാട്ടുന്നു. ഇതു വലിയ തോതിലുള്ള സാമ്പത്തികത്തകർച്ചയ്ക്കു കാരണമാകുമെന്നും ബാങ്ക് പറയുന്നു. ഈ സാമ്പത്തിക വർഷത്തിലെ ആദ്യത്തെ അഞ്ചു മാസങ്ങൾക്കുള്ളിൽ വ്യാവസായിക വായ്പാ വിതരണത്തിൽ 1.9 ശതമാനത്തിന്റെ വളർച്ച മാത്രമാണു രേഖപ്പെടുത്തിയത്. സൂക്ഷ്മ- ചെറുകിട ബിസിനസുകളിൽ 2.6 ശതമാനവും ഇടത്തരം വ്യവസായത്തിൽ 6.5 ശതമാനവുമാണു വളർച്ച. വ്യാവസായിക വായ്പകളിൽ കൂടുതലും ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങളാണു ലഭ്യമാക്കുന്നതെന്നിരിക്കെ, അവയ്ക്കുള്ള വായ്പാ വിഹിതം കൂട്ടണമെന്ന നിർദേശങ്ങൾക്കും പ്രായോഗിക തടസങ്ങളാണ് ആർബിഐ ഉന്നയിക്കുന്നത്. ഈ സാഹചര്യത്തിലാണു സ്വയംഭരണാവകാശത്തിൽ വെള്ളം ചേർത്ത്, ബാങ്കിനു മേൽ കേന്ദ്ര സർക്കാരിന്റെ അവകാശാധികാരങ്ങളുള്ള ഏഴാം വകുപ്പ് പ്രയോഗിക്കാനുള്ള നീക്കം. ഇതിൽ പ്രകോപിതനായാണു ഗവർണർ ഊർജിത് പട്ടേലിന്റെ രാജിയോളം കാര്യങ്ങൾ എത്തി നിൽക്കുന്നതും.

ജനാധിപത്യം പുലരുന്ന മറ്റു രാജ്യങ്ങളെക്കാൾ പലതുകൊണ്ടും ഉജ്വലവും വിശ്വസ്തവുമാണു നമ്മുടെ സേനകൾ, കേന്ദ്ര അന്വേഷണ ഏജൻസികൾ, ബാങ്കിങ് സംവിധാനം തുടങ്ങിയവ. ഭരിക്കുന്ന സർക്കാരുകൾക്കു വിധേയമെങ്കിലും അതതിന്റെ മേഖലകളിൽ സ്വയംഭരണ പരമാധികാരമുള്ളവയാണ് ഇവയെല്ലാം. അനുവദനീയമായ ലക്ഷ്മണ രേഖകൾ ലംഘിക്കുന്ന അവസരങ്ങളിൽ ഇവയെ സർക്കാരിനു മെരുക്കാമെങ്കിലും ഒരുതരത്തിലുമുള്ള രാഷ്ട്രീയ സ്ഥാപിത താത്പര്യങ്ങൾക്കും വഴങ്ങേണ്ടവയോ വഴക്കേണ്ടവയോ അല്ല ഇവയൊന്നും. നിർഭാഗ്യമെന്നു പറയട്ടെ, കോടതികൾക്കു മുകളിൽപ്പോലും രാഷ്ട്രീയ ഇടപെടലുകളും കടന്നുകയറ്റങ്ങളും പണ്ടും സംഭവിച്ചിട്ടുണ്ട്.

ലോകത്തെ ഏറ്റവും ശക്തമായ സമ്പദ്‌വ്യവസ്ഥകളിലൊന്നാണ് ഇന്ത്യയുടേത്. അതിനെ നിയന്ത്രിക്കുന്നതു റിസർവ് ബാങ്കും. ഒരു സ്വതന്ത്ര പരമാധികാര സ്ഥാപനമായി നിലനിർത്തിക്കൊണ്ടുതന്നെ, സസൂക്ഷ്മം നിരീക്ഷിക്കുക മാത്രമാണു കേന്ദ്ര സർക്കാരിനു മുന്നിലുള്ള പോംവഴി. അല്ലാതെ, രാഷ്ട്രീയ തീരുമാനങ്ങൾ നടപ്പാക്കാനുള്ള ഉപകരണമായി അതിനെ മാറ്റരുത്. ചിലപ്പോഴെങ്കിലും അങ്ങനെ സംഭവിച്ചതിന്റെ ദുരന്തമാണു രാജ്യത്തിന്റെ 20 ലക്ഷം കോടി രൂപയുടെ കിട്ടാക്കടം.

ചരിത്രത്തിൽ ഇന്ന്



ഡിസ്റ്റൈൻ ചാപ്പലിൽ മൈക്കലാഞ്ചലോ വരച്ച ചുവർച്ചിത്രങ്ങൾ ആദ്യമായി പൊതുജനങ്ങൾക്കു കാണുന്നതിനായി തുറന്നു കൊടുത്തതു 1512 നവംബർ 1 നായിരുന്നു. ഇറ്റാലിയൻ ശിൽപ്പി, ചിത്രകാരൻ, കവി എന്നീ നിലകളിൽ പ്രശസ്തനാണു മൈക്കലാഞ്ചലോ.

റോഡുകൾ ഗതാഗതയോഗ്യമാക്കണം

പ്രളയത്തിനു ശേഷം കേരളത്തിലെ മിക്ക റോഡുകളുടേയും അവസ്ഥ ശോചനീയമാണ്. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകുന്നതിനൊപ്പം തന്നെ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും പ്രാധാന്യം നൽകേണ്ടതുണ്ട്. റോഡുകൾ ശോചനീയമായതുകൊണ്ടു തന്നെ വാഹനങ്ങൾക്കു കേടുപാടും, അപകടങ്ങളും സംഭവിക്കുന്നുണ്ട്. ഇതൊക്കെ ഒഴിവാക്കാൻ റോഡുകളുടെ അറ്റകുറ്റപ്പണിയും യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിയേ മതിയാകൂ.

ദീർഘവീക്ഷണമില്ലാതെ റോഡുകൾ നിർമിക്കുന്നതാണു പലപ്പോഴും അധികം താമസിയാതെ തന്നെ ഇവ തകരാൻ കാരണമാകുന്നത്. അതുകൊണ്ടു തന്നെ ഇനി റോഡുകൾ നിർമിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ സംഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി വളരെ ദയനീയമാണെന്നു കഴിഞ്ഞദിവസം ഹൈക്കോടതിയുടെ പരാമർശം വരെയുണ്ടായി. പ്രധാനപാതകൾ മാത്രമല്ല, ഇടറോഡുകളും തകർന്ന അവസ്ഥയിലാണ്. ഇക്കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

പി. കെ. ഗോകുലൻ
പുക്കാട്ടുപടി.

മലയാളദിനത്തിലെ നവകേരള ചിന്തകൾ

പിണറായി വിജയൻ



കേരളം അറുപത്തിരണ്ടാം ജന്മദിനമാഘോഷിക്കുകയാണ്. സംസ്ഥാന പുനഃസംഘടനാ ആക്റ്റു പ്രകാരം ഭാഷയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട കേരളത്തിൽ 97 ശതമാനം പേർ മലയാളം മാതൃഭാഷയായിട്ടുള്ളവരാണ്. സാമൂഹികമായും സാംസ്കാരികമായും വൈകാരികമായും കേരളജനതയെ ഇണക്കിനിർത്തുന്ന പ്രധാനഘടകം മലയാളഭാഷയാണ്. അതുകൊണ്ടുതന്നെ കേരളീയരുടെ എല്ലാ സാമൂഹിക മണ്ഡലങ്ങളിലും മലയാളഭാഷാ വ്യാപനം സാധ്യമാകേണ്ടതുണ്ട്. അതിനുതകുന്ന നടപടികളാണ് ഇ.എം.എസിന്റെ നേതൃത്വത്തിൽ കേരളത്തിൽ രൂപംകൊണ്ട ആദ്യസർക്കാർ കൈക്കൊണ്ടത്.

മലയാളഭാഷയെ ഭരണഭാഷയാക്കുന്നതു സംബന്ധിച്ച പഠനം നടത്തുന്നതിനുവേണ്ടി 1957ൽ കോമാട്ടിൽ അച്യുതമേനോന്റെ അധ്യക്ഷതയിലുള്ള കമ്മിറ്റിയെ നിയോഗിച്ചത് ഇ.എം.എസ് സർക്കാരാണ്. എന്നാൽ, ആ കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള കാര്യങ്ങളൊന്നും തുടർന്നുവന്ന സർക്കാരിനു കീഴിൽ നടന്നില്ല. മലയാളഭാഷയുടെ വളർച്ചയ്ക്കുതകുന്ന നടപടികളാണ് ഇപ്പോഴത്തെ എൽഡിഎഫ് സർക്കാർ കൈക്കൊള്ളുന്നത്. 2017 മേയ് ഒന്നു മുതൽ കേരളത്തിലെ എല്ലാ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഭരണഭാഷ മലയാളം ആയിരിക്കണമെന്ന കർശന നിർദേശം നൽകിയിട്ടുണ്ട്.

ഭരണഭാഷയുടെ ക്രമാനുഗതമായ ഉപയോഗത്തെ സ്വാധീനിക്കുന്നതു ഭാഷാപഠനവും അതിന്റെ വികാസവുമാണ്. മലയാളഭാഷയുടെ നിലനിൽപ്പിനായി അടിസ്ഥാനപരമായ നിയമനിർമാണം നടത്തിയ സന്തോഷത്തിലാണു കേരള സർക്കാർ. ഐക്യകേരളപ്പിറവിയെത്തുടർന്നു നിലവിൽ വന്ന സർക്കാരുകൾ കേരളത്തിന്റെ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക മേഖലകളിൽ അഭിവൃദ്ധി കൈവരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ കുട്ടികളുടെ മാതൃഭാഷാപഠനം ഉറപ്പുവരുത്താൻ കഴിഞ്ഞിരുന്നില്ല. ആ കുറവു പരിഹരിക്കുന്നതിനുവേണ്ടിയാണ് 2017 ൽ മലയാളഭാഷാ പഠന ആക്റ്റ് പാസാക്കിയത്.

ഭരണഭാഷ

ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്നതിനു സഹായകരമായ പല നടപടികളും സർക്കാർ സ്വീകരിച്ചു. ഭരണരംഗത്തെ ഇരുപതിനായിരത്തോളം പദങ്ങളും അവയുടെ മലയാളരൂപങ്ങളും ചേർത്ത് ഭരണമലയാളം എന്ന ഓൺലൈൻ നിഘണ്ടുവും മൊബൈൽ ആപ്ലിക്കേഷനും ഔദ്യോഗിക ഭാഷാവകുപ്പ് തയാറാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഭരണഭാഷ, മലയാളം കമ്പ്യൂട്ടിങ് എന്നിവയിൽ പരിശീലനം ലഭ്യമാക്കുന്നുണ്ട്. ജില്ലകൾതോറും ഭരണഭാഷാ അവബോധ പരിപാടികൾ സംഘടിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്.

മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവി ലഭിച്ചിട്ടുണ്ടെങ്കിലും ഭാഷാകാര്യങ്ങളിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. വിവരസാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഭരണസംവിധാനത്തിൽ മലയാളത്തിന്റെ ഉപയോഗം വർധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. യൂണികോഡിൽ അലങ്കാര ഫോണ്ടുകളുടെ ദൗർലഭ്യമുണ്ട്. ആധുനിക സമൂഹത്തിൽ ഒരു ഭാഷയുടെ ശക്തിയെയും സ്വാധീനത്തെയും അളക്കുന്നത് ഡിജിറ്റൽ സംവിധാനങ്ങളിൽ ആ ഭാഷയ്ക്കുള്ള ശക്തിയെയും സ്വാധീനത്തെയും വിലയിരുത്തിയാണ്. അതിനാൽ കേരളത്തിലെ വെബ്സൈറ്റുകൾ മലയാളത്തിൽക്കൂടി ലഭ്യമാക്കേണ്ടതുണ്ട്.

ഡിജിറ്റൽ യുഗത്തിൽ

മലയാളഭാഷയുടെ സമ്പത്തായ ഗ്രന്ഥങ്ങൾ ഡിജിറ്റൈസ് ചെയ്ത് ലഭ്യമാക്കുകയും വേണം. കേരളത്തിൽ പുരാരേഖാവകുപ്പിന്റെ കൈവശമുള്ള ലക്ഷക്കണക്കിനു താളിയോലകൾ ഡിജിറ്റൈസ് ചെയ്ത് ലിപിമാറ്റം നടത്തി ലഭ്യമാക്കേണ്ടതുണ്ട്. ശാസ്ത്രം, സാഹിത്യം തുടങ്ങിയ മേഖലകളിലെ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കണം, മലയാളഭാഷാപഠനം വ്യാപിപ്പിക്കണം, കേരളത്തിൽ ഹൈക്കോടതിക്കു കീഴിലുള്ള കോടതികളിലെ ഭാഷ മലയാളമാക്കണം; ഇത്തരത്തിലുള്ള നിരവധി നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. സാധാരണക്കാരായ വ്യവഹാരികൾക്കും കോടതി നടപടികൾക്കും മധ്യേ നിലകൊള്ളുന്ന ഇംഗ്ലീഷ്ഭാഷയാകുന്ന ഇരുമ്പുമറ മാറ്റിയാലേ സാധാരണക്കാർക്ക് നമ്മുടെ കോടതിനടപടികൾ വ്യക്തമായി മനസിലാക്കാൻ സാധിക്കുകയുള്ളൂ.

കേരളത്തിലെ ജനങ്ങളോട് വോട്ടു ചോദിച്ച ഭാഷയിൽ ഭരണം നടത്തേണ്ട ധാർമികമായ ഉത്തരവാദിത്വം സർക്കാരിനുണ്ട്. കേരളജനതയുടെ മാതൃഭാഷ ഭരണനിർവഹണത്തിന് ഉപയോഗിക്കാതിരുന്നാൽ അതു ഭാഷാപരമായ മനുഷ്യാവകാശ ലംഘനമാണ് എന്നാണു സർക്കാർ കണക്കാക്കുന്നത്.

അതിജീവന പാതയിൽ

ഭാഷയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട കേരളം ഇന്നു പ്രളയക്കെടുതിയെത്തുടർന്നുള്ള പുനർനിർമാണത്തിന്റെ ഘട്ടത്തിലാണ്. ഇന്നു നാം നവകേരള നിർമിതിക്കു സാക്ഷ്യം വഹിക്കുകയാണ്. ‘കേരള വികസനമാതൃക’ കൊണ്ട് ലോകശ്രദ്ധ ആർജിച്ച നാം ഇപ്പോൾ അതിജീവനത്തിന്റെ പുതിയ മാതൃക ലോകത്തിനുമുമ്പിൽ അവതരിപ്പിച്ചിരിക്കുന്നു. അതിന്റെ അടുത്തപടി എന്നോണം ‘കേരള പുനർനിർമാണ മാതൃക’ ലോകത്തിനുമുമ്പാകെ കാഴ്ചവെയ്ക്കാൻ ഒരുങ്ങുകയാണു നാം.

ദേശീയ ദുരന്തനിവാരണ അതോറിറ്റി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരമേ കേരളത്തിനു നഷ്ടപരിഹാരം ചോദിക്കാനാകൂ. ആ മാനദണ്ഡപ്രകാരം നോക്കിയാൽ കേരളത്തിനു 4796 കോടി രൂപയുടെ നഷ്ടപരിഹാരം ചോദിക്കാനേ അവകാശമുള്ളൂ. സംസ്ഥാന ഏജൻസികളും ലോക ബാങ്ക്, എഡിബി, യുഎൻ ഏജൻസികളും ഒക്കെ നടത്തിയ പഠനങ്ങളിലും, തയ്യാറാക്കിയ എസ്റ്റിമേറ്റുകളിലും തെളിഞ്ഞുവരുന്നതു യഥാർത്ഥ നഷ്ടം 31000 കോടി രൂപയുടേതാണ് എന്നാണ്. ദുരന്തനിവാരണ അതോറിറ്റിയുടെ മാനദണ്ഡ പ്രകാരമുള്ള 4796 കോടിക്കും ഈ 31000 കോടിക്കുമിടയിലുള്ള വിടവ് ഏതാണ്ട് 26000ലധികം കോടിയുടേതാണ്. അതായത്, നവകേരള നിർമിതിക്ക് കേന്ദ്രമാനദണ്ഡത്തിന്റെ ആറിരട്ടിയിലധികം വേണ്ടിവരും. ഈ അധിക തുക നാം എങ്ങനെ കണ്ടെത്തും? ഇതാണ് ഈ ഘട്ടത്തിൽ കേരളത്തിന്റെ മുമ്പിലുള്ള വലിയ ചോദ്യം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നുമായി കാര്യമായ തോതിൽ തന്നെ സഹായമുണ്ടാകുന്നുണ്ട്. തുക രണ്ടായിരം കോടി കടന്നു. എന്നാൽ, ഇതിനകമുള്ള കമ്മിറ്റ്മെന്റിനു തന്നെ ഇതിലേറെ വേണ്ടിവന്നു എന്നതാണു സത്യം. കേന്ദ്ര ക്രമപ്രകാരം ഭവനനിർമാണത്തിനും മറ്റുമായി 105 കോടിയേ കേരളത്തിന് ചോദിക്കാനാവൂ. എന്നാൽ, 5659 കോടിയുടേതാണ് നഷ്ടം. വിദ്യാഭ്യാസരംഗത്ത് എട്ടുകോടിയേ ചോദിക്കാനാകൂ. 214 കോടിയുടേതാണ് നഷ്ടം. കാർഷിക, മത്സ്യബന്ധന മേഖലയിൽ 45 കോടിയേ ചോദിക്കാനാകൂ. 4499 കോടിയാണ് നഷ്ടം. റോഡ്, പാലം നിർമാണത്തിനായി 192 കോടിയേ ചോദിക്കാനാകൂ. 8554 കോടി രൂപയുടേതാണ് നഷ്ടം. വൈദ്യുതിരംഗത്ത് 85 കോടിയേ ചോദിക്കാനാകൂ. 353 കോടിയുടേതാണ് നഷ്ടം. ജലസേചനരംഗത്ത് 536 കോടിയേ ചോദിക്കാനാകൂ. 1484 കോടിയുടേതാണ് നഷ്ടം.

8800 കിലോമീറ്റർ പിഡബ്ല്യുഡി റോഡ് യാത്രായോഗ്യമല്ലാതായി. ഇതിനു തന്നെ പതിനായിരം കോടി ചെലവുവരും. ഗ്രാമീണ റോഡുകൾക്കാണെങ്കിൽ മാനദണ്ഡപ്രകാരം അറുപതിനായിരം രൂപയേ കിട്ടൂ. വേണ്ടത് 60 ലക്ഷമാണ്. തകർന്നുപോയ വീടിനു തൊണ്ണൂറ്റി അയ്യായിരം രൂപയാണു മാനദണ്ഡപ്രകാരം നൽകാവുന്നത്. നാലുലക്ഷം രൂപയെങ്കിലും കൊടുക്കണമെന്നാണു സംസ്ഥാനം നിശ്ചയിച്ചിട്ടുള്ളത്. മാനദണ്ഡവും യഥാർഥ ആവശ്യവും തമ്മിൽ വലിയ അന്തരമുള്ള നിലയാണുള്ളത്.

പഠിക്കാൻ പ്രഗല്ഭർ

പുനർനിർമാണ പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുയോജ്യവും സുസ്ഥിരവുമാണെന്ന് ഉറപ്പുവരുത്താൻ അന്താരാഷ്ട്ര തലത്തിൽ പ്രഗൽഭരായവരെ നവകേരള നിർമിതിയുടെ ഭാഗമാക്കുകയാണ്. അതിന്റെ ഭാഗമായി കാലവർഷക്കെടുതിയുടെ ഫലമായി കേരളത്തിന്റെ ജൈവവൈവിധ്യമേഖലയിലുണ്ടായ ആഘാതം പഠിക്കാൻ സമിതിയെ നിയമിച്ചിട്ടുണ്ട്. ഉപജീവനമാർഗങ്ങൾ നഷ്ടപ്പെട്ടവർക്ക് അനുയോജ്യമായ പുത്തൻ ഉപജീവന സാധ്യതകൾ കണ്ടെത്താൻ, അന്താരാഷ്ട്ര ഏജൻസികളുടെ പങ്കാളിത്തമുള്ള ‘ലൈവ്‌ലി ഹുഡ് കോൺഫറൻസ്’ സംഘടിപ്പിക്കുകയാണ്.

ഒരുമയോടെ നാം അതിജീവിച്ചെങ്കിൽ ഒരുമയോടെ നമുക്ക് പുനർനിർമിക്കാനും കഴിയും. അത്തരത്തിൽ കേരളത്തിന്റെ പുനർനിർമാണവുമായി കമ്പനികൾക്കും സംഘങ്ങൾക്കും ഒക്കെ സഹകരിക്കാൻ കഴിയുന്ന വിധത്തിൽ ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോം ഏർപ്പെടുത്തിയിരിക്കുകയാണ് നാം. കേരളത്തിന്റെ പുനർനിർമ്മാണത്തിനുതകുന്ന നൂതന ആശയങ്ങൾ ജനങ്ങളിൽ നിന്നു ശേഖരിക്കാൻ ‘ഐഡിയ ഹണ്ട്’, ‘ഐഡിയ എക്സ്ചേഞ്ച്’ ‘ഹാക്കത്തോൺ’ തുടങ്ങിയ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

കൂട്ടായുള്ള അതിജീവനം മലയാളികളുടെ സവിശേഷതയായി മാറിയിരിക്കുന്ന ഈ അവസരത്തിൽ നവകേരള നിർമിതിക്കായി നമുക്കെല്ലാവർക്കും കൈകോർക്കാം. പ്രളയത്തെ അതിജീവിച്ച ജനത എന്ന നിലയിൽ ലോകത്തിനുമുമ്പിൽ തന്നെ മാതൃകയാവുകയാണു സംസ്ഥാനം. വികസന കാര്യത്തിൽ കേരള മോഡൽ ലോകം മുഴുവൻ ചർച്ച ചെയ്യപ്പെട്ടതാണ്. അതുപോലെ, പുനർനിർമാണത്തിന്റെ പുതിയ മാതൃകയായി നമ്മുടെ നാടിനെ മാറ്റാനുള്ള പരിശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

അതിനായി എല്ലാവരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചെടുത്തുകൊണ്ട് അവ പ്രായോഗികമാക്കുന്നതിനായി ‘റീബിൽഡ് കേരള ഇനിഷ്യേറ്റീവ്’ എന്ന ബൃഹദ് പദ്ധതിക്കു തന്നെ രൂപം നൽകിക്കഴിഞ്ഞു. കേരളം നമ്മളെല്ലാവരുടേയുമാണെന്ന ഉത്തമ ബോധ്യത്തോടെ നവകേരള നിർമിതിക്കായി കൈകോർക്കാം. അതാകട്ടെ ഇത്തവണത്തെ കേരളപ്പിറവി ദിനത്തിന്റെ സന്ദേശം.

പുതുകേരള സ്വപ്നങ്ങളുമായി യുവനിര

മഹാപ്രളയത്തെ അതിജീവിച്ച നാട്. ദുരിതത്തിന്റെയും ദുരന്തത്തിന്റെയും നാളുകളിൽ ഐക്യത്തിന്റെയും ഒരുമയുടെയും സന്ദേശം ഉയർത്തിപ്പിടിച്ച നാട്ടുകാർ. നാടും നാട്ടാരും അതിജീവനത്തിന്റെ പാതയിലൂടെ പുതുജീവിതം നെയ്തു ചേർക്കുകയാണ്. ഇന്ന് ഐക്യകേരളത്തിന്റെ അറുപത്തിരണ്ടാം പിറന്നാൾ പിന്നിടുമ്പോൾ കേരളത്തിലെ യുവജനങ്ങളുടെ നവകേരളസങ്കൽപ്പവും വികസനപ്രതീക്ഷകളും ചർച്ച ചെയ്യപ്പെടുന്നു. നവകേരള സൃഷ്ടിയുടെ പുതിയ പാതകളിലൂടെയുള്ള നാടിന്റെ സഞ്ചാരം എങ്ങനെയായിരിക്കണമെന്നു വ്യക്തമാക്കപ്പെടുന്നു.

വേണ്ടത് സാഹചര്യങ്ങൾക്ക് അനുസരിച്ചുള്ള വികസനം

റോജി എം. ജോൺ
എംഎൽഎ

കേരളത്തിന്റെ കാലാവസ്ഥയും പ്രകൃതിഭംഗിയും പച്ചപ്പുമൊക്കെയാണു ദൈവത്തിന്റെ സ്വന്തം നാടെന്ന വിശേഷണത്തിനു കേരളത്തെ അർഹമാക്കിയത്. അതിനാൽ കേരളത്തെ ഈ വിശേഷണത്തിൽ നിലനിർത്തുന്നതിനായി ടൂറിസം, ഐടി മേഖലകളിൽ കൂടുതൽ നിക്ഷേപമുണ്ടാക്കുകയും, ആ മേഖലകളിൽ വികസനം സാധ്യമാക്കുകയും വേണം. ടൂറിസം മേഖലയെ വളർത്തിക്കൊണ്ടുവരുവാനായി ആദ്യം ചെയ്യേണ്ടത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുകയാണ്. മികച്ച റോഡുകൾ നിർമിക്കുന്നതോടൊപ്പം അതിനനുബന്ധമായ സൗകര്യങ്ങളും സാധ്യമായാൽ ടൂറിസം മേഖലയിൽ മാറ്റങ്ങളുണ്ടാകും.

കേരളത്തിനു തനതായ ഒരു വികസന ശൈലിയുണ്ടായിരിക്കണം. അല്ലാതെ കർണാടകയിലും തമിഴ്നാട്ടിലും നടത്തുന്ന വികസന പ്രവർത്തനങ്ങൾ കണ്ടിട്ട് അതേ രീതിയിൽ കേരളത്തിലും നടത്തുകയെന്നതു പ്രായോഗികമല്ല. നമ്മുടെ ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ചുള്ള വികസനത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്. പ്രളയത്തിനു ശേഷമുള്ള നവകേരള സൃഷ്ടിയിൽ പ്രധാനമായും ചെയ്യേണ്ടതു നമ്മുടെ നാട്ടിലുള്ള തോടുകൾ, പുഴകൾ തുടങ്ങിയവയുടെ സംരക്ഷണം സാധ്യമാക്കുകയെന്നതാണ്. പ്രളയത്തിനു മുൻപ് പുഴകൾ തോടുകളായും, തോടുകൾ മാലിന്യ കൂമ്പാരങ്ങളായും മാറിയ അവസ്ഥ നാം കണ്ടതാണ്. എന്നാൽ പുഴയുടെ അതിർത്തികൾ നമ്മൾ മറന്നാലും, പുഴ മറന്നിട്ടില്ലായെന്നതിന്റെ തെളിവാണു പ്രളയത്തിൽ കാണാനായത്. അങ്കമാലിയുടെ ജലസ്രോതസുകളായിരുന്ന മാഞ്ഞാലിത്തോട്, ആറാട്ടുപുഴ ആറ് തുടങ്ങിയവയെ സംരക്ഷിക്കാനുള്ള പദ്ധതികളാണു പ്രാദേശികമായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്.

വികസനം സാധാരണക്കാരന് വേണ്ടിയാകണം

ഹൈബി ഈഡൻ
എം എൽ എ

ആദ്യം നമ്മുടെ നവകേരള സൃഷ്ടിയെന്ന സങ്കൽപ്പത്തിൽ മാറ്റമുണ്ടാകണം. റോഡുകളുടെ വികസനമോ, തകർന്ന പാലങ്ങൾ പുനർ നിർമിക്കുന്നതോ, അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുന്നതോ അല്ല വികസനം. മറിച്ച് ഈ രാജ്യത്തിലെ സാധാരണക്കാരനു പോലും ഉൾക്കൊള്ളാൻ സാധിക്കുന്ന രീതിയിൽ, അവർക്കുപോലും പ്രയോജനപ്രദമാകുന്ന വികസനം സാധ്യമാക്കണം. ഇത്തരത്തിൽ നടത്തുന്ന വികസനം നശിച്ചു പോകാതെ എക്കാലവും നിലനിൽക്കുന്ന രീതിയിൽ, പരിസ്ഥിതിയെകൂടി കണക്കിലെടുത്തുകൊണ്ടുള്ളതാവണം. ആരോഗ്യമേഖലയിൽ പുരോഗതിയുണ്ടാകണം. കേരളത്തിലെ ആശുപത്രികളിൽ ഏറ്റവും പുതിയ സംവിധാനങ്ങൾ ഉണ്ടാവണം. ആരോഗ്യ മേഖലയിലെ മാറ്റങ്ങൾക്കായി സർക്കാർ കൊണ്ടു വന്ന കാരുണ്യ ലോട്ടറിയിൽ നിന്നുള്ള സഹായം എത്രത്തോളം രോഗികളിൽ എത്തുന്നുണ്ടെന്നും കണ്ടെത്തണം. യുവജനങ്ങൾക്കു കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കണം, സന്തോഷ സൂചികയായിരിക്കണം പുതിയ കേരള നിർമിതിയുടെ മാനദണ്ഡം.

പ്രളയത്തിനു ശേഷമുള്ള നവകേരള സൃഷ്ടിയിൽ നാം ചെയ്യേണ്ടതു വിദഗ്ധരെ കൊണ്ടുവന്ന് അവരുടെ അഭിപ്രായം തേടുകയെന്നുള്ളതാണ്, ഇനിയുമൊരു പ്രളയം ഉണ്ടായാൽ, തകർന്നു പോകാതെ അവയെ നേരിടാൻ പ്രാപ്തമായിട്ടുള്ള രീതിയിൽ നവകേരളത്തെ സൃഷ്ടിച്ചെടുക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നു എത്രത്തോളം സഹായം അർഹരായവരിൽ എത്തുന്നുണ്ടെന്നു കണ്ടെത്തണം. പ്രളയത്തിനു ശേഷം എന്റെ മണ്ഡലത്തിൽ നടപ്പാക്കി വരുന്ന പദ്ധതി, വീടു നഷ്ടപ്പെട്ടവർക്കു വീടു നിർമിച്ചു നൽകുകയെന്നതാണ്. അതിന്റെ ഭാഗമായി ചേരാനല്ലൂരിനെ തിരികെകൊണ്ടു വരുന്നതിനായി നടത്തിയ ‘ചേരാനെല്ലൂരിനോപ്പം’ എന്ന ക്യാംപെയ്നിന്റെ ഭാഗമായി എട്ടു വീടുകൾക്കു തറക്കല്ലിട്ടു. ഇവ 69 ദിവസങ്ങൾകൊണ്ടു പൂർത്തികരിച്ച് നവംബർ 21 നു നൽകാൻ സാധിക്കുമെന്നാണു പ്രതീക്ഷിക്കുന്നത്. സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സഹായങ്ങളില്ലാതെയാണു ഇതു നടപ്പിലാക്കുന്നത്.

കേരളത്തിനിണങ്ങുന്ന വികസനം ഉണ്ടാവണം

എൽദോ എബ്രഹാം
എംഎൽഎ

നമ്മുടെ നാട് മഹാപ്രളയം അതിജീവിച്ചു വരുന്നതേയുള്ളൂ. ആ പ്രളയം ജനങ്ങൾക്കുണ്ടാക്കിയിരിക്കുന്ന പ്രത്യാഘാതം ചെറുതല്ല. അതുകൊണ്ടു തന്നെ വലിയ ഒരുക്കം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നടക്കേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് കേരളത്തിന്റെ പുനർനിർമിതിക്കു വേണ്ടുന്ന കുറെയധികം കാര്യങ്ങൾ ചെയ്തു വരുന്നുണ്ട്. അതു നടക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളുണ്ട്.

കാലാവസ്ഥയുടെ വ്യതിയാനം ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇതു വളരെ കാര്യമായി നമ്മളെ ബാധിക്കുന്നുണ്ട്. പഴയകാലത്ത് സ്കൂൾ തുറക്കുമ്പോൾ, ജൂൺ മാസം ഒന്നിനു തന്നെ മഴയെത്തുമായിരുന്നു. ഡിസംബറിൽ മഞ്ഞ് എത്തുമെന്ന കാര്യവും ഉറപ്പായിരുന്നു. എന്നാൽ ഇതെല്ലാം ഇപ്പോൾ മാറിമറിഞ്ഞിരിക്കുന്നു. ഇതിനൊക്കെ പ്രധാന കാരണം മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നതാണ്. ചൂഷണം അവസാനിപ്പിക്കുക എന്നതാണു പ്രധാന കാര്യം. സംസ്ഥാനത്തിന്റെ വിഭവസമ്പത്തുകളെ ഓരോരുത്തരും അവരവർക്കു തോന്നുന്ന പോലെ ഉപയോഗിക്കുകയാണ്. കേരളത്തിൽ മുഴുവൻ ആളുകളും പ്രകൃതിയുടെ സംരക്ഷകരായി മാറേണ്ടതുണ്ട്.

കോൺക്രീറ്റ് സൗധങ്ങൾ നമ്മുടെ സംസ്ഥാനത്ത് യഥേഷ്ടം നിർമിച്ചു കൊണ്ടിരിക്കുകയാണ്. ഭൂമിക്കു താങ്ങാൻ പറ്റുന്നതിനപ്പുറത്താണു പല നിർമിതികളും. പ്രകൃതിയെ പരിഗണിച്ചുകൊണ്ടുള്ള വികസനമേ ഉണ്ടാവാൻ പാടുള്ളൂ.

ഇനി നമ്മൾ നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നം കടുത്ത ജലക്ഷാമമായിരിക്കും. ഇത്തരമൊരു ക്ഷാമം നാം നേരിടുമ്പോൾ അതിനെ എങ്ങനെ അതിജീവിക്കാം എന്ന് ചിന്തിക്കേണ്ടതുണ്ട്.

വികസനകാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ജനങ്ങളുടെ ആരോഗ്യത്തെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. ആരോഗ്യമുള്ള ഒരു ജനതയ്ക്കേ നമ്മുടെ നാടിനെ മുന്നോട്ടു കൊണ്ടു പോകാൻ കഴിയുകയുള്ളൂ. നമുക്ക് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ നല്ലൊരളവ് നമുക്ക് തന്നെ ഉത്പാദിപ്പിക്കാൻ സാധിക്കണം.

അടിസ്ഥാനജനവിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടു വരേണ്ടതുണ്ട്. അവരുടെയൊക്കെ ജീവിതത്തിൽ നല്ല രീതിയിലുള്ള മാറ്റം സൃഷ്ടിക്കാൻ സാധിക്കണം. എങ്കിലേ വികസനം പൂർണമാകൂ എന്ന അഭിപ്രായക്കാരനാണു ഞാൻ.

പുതുമയുള്ള വികസനം, പഴമയിലേക്കൊരു തിരിച്ചുപോക്ക്

എൽദോസ് കുന്നപ്പിള്ളി
എം എൽ എ

കേരളം എന്നും നവകേരളമെന്നാണ് അറിയപ്പെടുന്നത്. പക്ഷേ നാം ഇന്നു കാണുന്ന പുതുമകളുടെ ലോകത്തേയ്ക്ക്, പാശ്ചാത്യ സംസ്കാരത്തിലേക്കു പോകുമ്പോൾ കേരളം ഇല്ലാതാകുന്നു. കരവൃക്ഷങ്ങൾ, പുല്ലുകൾ, പുഴകൾ, മൃഗങ്ങൾ തുടങ്ങിയവ ഉള്ളതാണു കേരളം അതുകൊണ്ടാണു കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടെന്നു വിശേഷിപ്പിക്കുന്നത്. മറിച്ച് ദുബായ് പോലെ കേരളത്തെ മാറ്റിയെടുക്കാൻ ശ്രമിച്ചാൽ കേരളം ഇല്ലാതാകും.

കേരളത്തിൽ നല്ല റോഡുകളുണ്ടാകണം, മികച്ച പാലങ്ങളുണ്ടാകണം, എന്നാൽ ഇവയെല്ലാം നിർമിക്കുമ്പോൾ പുഴകൾ മലിനപ്പെടുകയാണു ചെയ്യുന്നത്. കുടിവെള്ളം ഇല്ലാതാകുന്നു. വികസനം വന്നാലും പുഴകളെയെല്ലാം അതേപോലെ നിലനിർത്തണം, പാടശേഖരങ്ങളും, പുഴകളുമെല്ലാം നിലനിർത്തികൊണ്ടു തന്നെ റോഡുകളും പാലങ്ങളും നിർമിക്കാൻ സാധിക്കണം. ഒന്നുമില്ലാത്ത സാധാരണക്കാരന് എല്ലാം നൽകുകയെന്നല്ല, അവന് അത്യാവശ്യമായി വീടെങ്കിലും നൽകാൻ സാധിക്കണം. അതിനായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി എത്രത്തോളം നടപ്പിലാക്കാൻ സാധിച്ചുവെന്നു കണ്ടെത്തി, അതിലൂടെ കുറച്ച് ആളുകൾക്കു കൂടി വീടുകൾ നൽകാൻ സാധിക്കണം. പ്രളയത്തിനു ശേഷവും സർക്കാർ ശ്രമിച്ചത്, സാധാരണക്കാരായ പാവപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പണം പിരിക്കാനാണ്, എന്നാൽ കേരളത്തിലെ സമ്പന്നരിൽ നിന്ന് അവരുടെ സമ്പത്തിന്റെ ഒരു വിഹിതം എടുക്കാൻ സാധിച്ചിട്ടില്ല.

നമ്മുടെ ഭാഷ, സംസ്കാരം, തനതായ കാര്യങ്ങൾ ഇവയെല്ലാം നിലനിർത്തികൊണ്ടുള്ള വികസനം സാധ്യമാക്കണം, അവിടെയാണു പുതുമയുള്ളത്. പുതുമ കൊണ്ടു വന്നുള്ള വികസനം പഴമയിലേക്കുള്ള തിരിച്ചുപോക്കുകൂടിയാകണം. തോടുകളും, പുഴകളും, അമ്പലക്കുളങ്ങളുമെല്ലാം പുനർ സൃഷ്ടിക്കണം. അപ്പോഴാണ് യഥാർഥ നവകേരളം സൃഷ്ടി സാധ്യമാകുന്നത്.

സമഗ്രവികസനം ലക്ഷ്യംവയ്ക്കണം

എസ് ഹരികിഷോർ ഐഎഎസ്
എക്സിക്യൂട്ടിവ് ഡയറക്ടർ
കുടുംബശ്രീ

പുതിയൊരു കേരളത്തെ സൃഷ്ടിച്ചെടുക്കുന്ന ഈ അവസരത്തിൽ, എല്ലാം മേഖലയിലും വികസനങ്ങൾ സാധ്യമാക്കണം. എങ്കിൽ മാത്രമേ നവകേരളസൃഷ്ടി സാധിക്കുകയുള്ളൂ. നവകേരളത്തെ നാം സ്വപ്നം കാണുമ്പോൾ പ്രധാനമായും ഉണ്ടായിരിക്കേണ്ട ചില കാര്യങ്ങളുണ്ട്. എല്ലാവർക്കും മികച്ച അവസരങ്ങൾ ഉണ്ടാകണം, അതിനോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കപ്പെടണം. കേരളത്തിലെ ആരോഗ്യമേഖലയിലും, വിദ്യാഭ്യാസ മേഖലയിലും ലോകോത്തര നിലവാരത്തിലുള്ള സേവനമാതൃകകൾ ഉണ്ടാവേണ്ടതുണ്ട്.

എല്ലാ മേഖലകളിലും വികസനം ഉറപ്പാക്കണം. അതിന്റെ ആദ്യപടിയായി സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കണം. കാർഷിക മേഖലയിലും ഉത്പാദന മേഖലയിലും, സ്വയംപര്യാപ്തതയോടൊപ്പം ഉയർച്ചയും സംഭവിക്കണം. കേരളത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തി മൂല്യവർധിത ഉത്പ്പന്നങ്ങൾ നിർമിക്കാൻ സാധിക്കണം.

മനുഷ്യന് ഏറ്റവും ആവശ്യമായ ശുദ്ധജലം എല്ലാ സ്ഥലങ്ങളിലും ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മാലിന്യപ്രശ്നമാണ്. ഇതിനെ നേരിടുന്നതിനായി മാലിന്യങ്ങൾ നിക്ഷേപിക്കാനും, സംസ്കരിക്കാനുമുള്ള സൗകര്യങ്ങളുണ്ടാവണം. പുതിയ തലമുറയെ വാർത്തെടുക്കാൻ സാധിക്കുന്ന രീതിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകാൻ സാധിക്കണം. ഏറ്റവും വലിയ സേവനമേഖലയായ ഐടി മേഖലയെ ഒരു വലിയ ഹബ് ആക്കി മാറ്റി കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കിയെടുക്കാൻ ശ്രദ്ധിക്കണം. ആരോഗ്യം, പാലിയേറ്റീവ് കെയർ, മാനസികാരോഗ്യം തുടങ്ങിയ മേഖലയിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.